**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 853** **12-06-2024 - ൽ മറുപടിയ്ക്ക്**

**എസ്.സി, എസ്.ടി. വിദ്യാർത്ഥികൾക്കുള്ള സിവിൽ സർവ്വീസ് പരിശീലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അഹമ്മദ് ദേവർകോവിൽ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | എസ്.സി, എസ്.ടി. വിദ്യാർത്ഥികൾക്കുള്ള സിവിൽ സർവ്വീസ് പരിശീലനത്തിന് നടപ്പിലാക്കിയ പദ്ധതികൾ വിലയിരുത്താമോ; | (എ) | പട്ടികജാതി വികസന വകുപ്പിന് കിഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി (ഐ.സി.എസ്. ഇ.റ്റി.എസ്) മുഖേനെ പട്ടികജാതി കുട്ടികൾക്ക് സിവിൽ സർവ്വീസ് പരിശീലനം നൽകുന്നതിനായി ലക്ഷ്യ സ്കോളർഷിപ്പ് പദ്ധതി നടപ്പിലാക്കി വരുന്നു. മേൽ സ്ഥാപനം മുഖേന കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാഡമിയിലെ വിവിധ സെന്ററുകളിലായി പരിശീലനത്തിന് തെരഞ്ഞെടുക്കുന്ന എസ്.സി, എസ്.റ്റി വിദ്ധ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകി വരുന്നു.<br><br>പട്ടികവർഗ വിദ്യാർത്ഥികൾക്കായി കേരള സർക്കാരിന്റെ സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷന്റെ, തിരുവനന്തപുരത്തെ കേരള സിവിൽ സർവ്വീസ് അക്കാഡമിയിൽ ഒരു മാസത്തെ ഓറിയന്റേഷൻ ക്യാമ്പ് വഴി തെരെഞ്ഞെടുക്കപ്പെടുന്ന 30 പരിശീലനാർത്ഥികൾക്ക്, അവർ തന്നെ തിരഞ്ഞെടുത്ത ഇന്ത്യയിലെ വിവിധ സിവിൽ സർവീസ് പരിശീലന കേന്ദ്രങ്ങളിൽ പരിശീലനം നൽകിവരുന്നുണ്ട്. തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് പഠനത്തിനായി സാമ്പത്തിക സഹായവും നൽകിവരുന്നു . |
| (ബി) | പ്രസ്തുത പദ്ധതികൾക്ക് കേരളത്തിൽ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമെന്നും ഏതെല്ലാമെന്നും വ്യക്തമാക്കാമോ? | (ബി) | പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റൂട്ട് ഫോർ സിവിൽ സർവ്വീസസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി (ഐ.സി.എസ്.ഇ.റ്റി.എസ്) മുഖാന്തിരം നടത്തുന്ന പ്രവേശന പരീക്ഷയുടെയും, അഭിമുഖത്തിന്റെയും അടിസ്ഥാനത്തിൽ ആണ് ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. ടി വിദ്യാർത്ഥികൾക്ക് അവർതന്നെ തെരഞ്ഞെടുക്കുന്ന സ്ഥാപനങ്ങളിൽ പരിശീലനം നടത്തുന്നതിന് |

| | | | |
|---|---|---|---|
| | | | അവസരം നൽകുന്നു. അതോടൊപ്പം ഐ.സി.എസ്.ഇ.റ്റി.എസ്. മുഖേന തന്നെ തെരഞ്ഞെടുക്കുന്ന വിദ്യാർത്ഥികൾക്ക് കേരള സിവിൽ സർവ്വീസ് അക്കാദമിയുടെ വിവിധ കേന്ദ്രങ്ങളിൽ പരിശീലനത്തിന് ഫീസ് ആനുകൂല്യങ്ങളും നൽകുന്നുണ്ട് . |

സെക്ഷൻ ഓഫീസർ